## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 207** **27-02-2023 - ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി. വളർച്ചാനിരക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മൂല്യവർദ്ധിത നികുതി വളർച്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ജി.എസ്.ടി. വളർച്ചാനിരക്ക് സംസ്ഥാനത്ത് കുറയാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് നേടാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി. നടപ്പാക്കുന്ന ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത് 14% വാർഷിക നികുതി വളർച്ചയാണ്. ജി.എസ്.ടി. നികുതി നിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ മൂല്യവർദ്ധിത നികുതി കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതി നിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ മൂല്യ വർദ്ധിത നികുതി പിരിവിന്റെ സിംഹഭാഗവും 14.5%-മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും ജി.എസ്.ടി. നികുതി നിരക്ക് 28 ശതമാനമായി (CGST 14%+SGST 14%) നിശ്ചയിച്ചിരുന്നത് ജി.എസ്.ടി. കൗൺസിൽ 18% (CGST 9% + SGST 9%), 12% (CGST 6% + SGST 6%) എന്നീ നികുതിനിരക്കുകളിലേക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി അടയ്ക്കുന്നതിലേക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം |

| | | | |
|---|---|---|---|
| | | | ലഭ്യമായിരുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും, തുടർന്ന് വന്ന കോവിഡ് മഹാമാരിയും അതിനെ തുടർന്ന് ഉണ്ടായ ലോക്ക്ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു.<br><br>2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ വാർഷിക വർദ്ധനവ് 14% കണക്കാക്കി, നഷ്ടപരിഹാരമായി കേന്ദ്ര സർക്കാർ നൽകുന്ന തുകയിലും കുടിശ്ശികയുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ മൂല്യവർദ്ധിത നികുതിപിരിവുമായി താരതമ്യം ചെയ്യുമ്പോൾ ജി.എസ്.ടി. നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (ബി) | സർവീസ് മേഖല കൂടുതലുള്ള സംസ്ഥാനത്ത് ജി.എസ്.ടി.യുടെ ഗുണഫലം ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | സർവീസ് മേഖലയിൽ നിന്നും സംസ്ഥാനത്ത് ജി.എസ്.ടി. യുടെ ഗുണഫലം ലഭിച്ചിട്ടില്ലാത്തതായി കണക്കാക്കുന്നില്ല. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ സംബന്ധിച്ച് സേവന മേഖല ഒരു പുതിയ മേഖല ആണെങ്കിലും ടി മേഖലയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകുകയും ഇതുവഴി സേവന മേഖലയിലെ നികുതി പിരിവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന് വകുപ്പിനെ പ്രാപ്തമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗം ഈ മേഖലയിൽ വലിയ രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ സർവീസ് മേഖലയിൽ നിന്നും നികുതി വെട്ടിപ്പ് തടയാനും നികുതി പിരിവ് കാര്യക്ഷമമാക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് ആൻഡ് ഇൻവെസ്റ്റിഗേഷൻ വിഭാഗം അത്യാധുനിക സാങ്കേതിക വിദ്യ വഴിയും ഇൻഫർമേഷൻ ഉപയോഗിച്ചും സംസ്ഥാനത്തെ സർവീസ് മേഖലകളിൽ നിന്നും നാളിതുവരെ 331 കേസുകളിലായി 214.27 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുള്ളതും കുറ്റക്കാർക്കെതിരെ ജി.എസ്.ടി നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആകുന്നു.<br><br>സർവീസ് മേഖലയിൽ നിന്നുള്ള നികുതി വെട്ടിപ്പ് തടയാനും നികുതി പിരിവ് കാര്യക്ഷമമാക്കാനും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനമായും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ കാര്യക്ഷമമായ പരിശീലനം നൽകിയിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന |

| | | | |
|---|---|---|---|
| | | | ചരക്കു സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ചു. ഓഡിറ്റ്, ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ ശക്തിപ്പെടുത്തിയതിലൂടെ സർവീസ് മേഖല ഉൾപ്പെടെയുള്ള മേഖലകളുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും കഴിയും. വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ വിഭാഗം വിവിധ സർവീസ് മേഖലകളിലെ നിരവധി നികുതി വെട്ടിപ്പ് കേസുകൾ കണ്ടുപിടിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കൂടുതൽ കാര്യക്ഷമമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ